# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4663 — 26/10/2016 -ൽ മറുപടിക്ക്

## കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പിരിച്ചുവിടപ്പെട്ട കാഷ്വൽ ലേബർ

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പിരിച്ചുവിടപ്പെട്ട കാഷ്വൽ ലേബർ പമ്പ് ഓപ്പറേറ്റർമാരായ സർവശ്രീ. ആർ.ബിജു, എം.ഗോപകുമാരൻ നായർ, എസ്. രാജൻ എന്നിവരെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ട് മനുഷ്യാവകാശ കമ്മീഷൻ നൽകിയ ഉത്തരവ് വാട്ടർ അതോറിറ്റി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) വാട്ടർ അതോറിറ്റി പ്രസ്തുത ജീവനക്കാർക്ക് തിരികെ നിയമനം നൽകുന്നതിന് ആവശ്യമായ ഭരണപരവും സാങ്കേതികവുമായ നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്നും, ഫയൽ നമ്പർ എത്രയാണെന്നും അറിയിക്കാമോ?

**മറുപടി**

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) & (ബി) ശ്രീ. ആർ.ബിജു, ശ്രീ. എം.ഗോപകുമാരൻ നായർ, ശ്രീ. എസ്. രാജൻ എന്നിവർ കരാറുകാരുടെ പണിക്കാർ എന്ന നിലയിലാണ് വാട്ടർ അതോറിറ്റിയിൽ ഉണ്ടായിരുന്നത്. ടി കരാറുകളുടെ കാലാവധി അവസാനിച്ചപ്പോൾ ഇവരെ ജോലിയിൽ നിന്നും പ്രസ്തുത കരാറുകാർ ഒഴിവാക്കി. വാട്ടർ അതോറിറ്റി ഇവർക്ക് നേരിട്ട് ജോലി നൽകുകയോ പിരിച്ചുവിടുകയോ ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത് ബഹുമാനപ്പെട്ട ലേബർ കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിലാണ്. തൊഴിൽ നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ പരിധിയിൽ വരാത്ത സ്ഥാപനമാണ് കേരള വാട്ടർ അതോറിറ്റി എന്നതിനാൽ കേരള വാട്ടർ അതോറിറ്റി ഈ വിഷയം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ലേബർ കോടതി ഉത്തരവിനെതിരെ കേരള വാട്ടർ അതോറിറ്റി നൽകിയ അപ്പീൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. കേരള വാട്ടർ അതോറിറ്റി സർക്കാരിൽ സമർപ്പിച്ച് ബി3/261/16/ജവിവ നമ്പർ ഫയലിൽ കൈകാര്യം ചെയ്യുന്ന ഈ വിഷയം ഇപ്പോൾ നിയമവകുപ്പ് പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/